# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1894 — 16.02.2016 -ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സിറ്റിങ്ങ് നടത്തി എത്ര റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്; | (എ) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സിറ്റിംഗ് നടത്തി നാളിതുവരെ 8 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടു ണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്ര കോടി രൂപ കടാശ്വാസമായി നൽകേണ്ടതുണ്ട്; വിശദാംശം അറിയിക്കാമോ; നാളിതുവരെ ഈ ഇനത്തിൽ എത്ര രൂപ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | (ബി) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ പരിശോധിച്ച് സർക്കാരിന് സമർപ്പിച്ച 8 റിപ്പോർട്ടുകളിൽ മത്സ്യഫെഡുമായി ബന്ധപ്പെട്ട 6 റിപ്പോർട്ടുകളിന്മേൽ കടാശ്വാസം നൽകുന്നതിനായി 141.80 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. 7ാമത് റിപ്പോർട്ടിലെ ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതിനായി 25.67 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിഗണനയിലാണ്. 8ാമത് റിപ്പോർട്ടിലെ ഗുണഭോക്താക്കൾക്ക് അനുവദിക്കേണ്ട തുക ഫിഷറീസ് മത്സ്യഫെഡ് ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധനയ്ക്കു ശേഷമേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. സഹകരണ വകുപ്പുമായി ബന്ധപ്പെട്ട 1 മുതൽ 7 വരെയുള്ള ലിസ്റ്റുകളിന്മേൽ കടാശ്വാസം അനുവദിക്കുന്നതിന് 127.9 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 8ാമത് ലിസ്റ്റിലെ ഗുണഭോക്താക്കൾക്ക് അനുവദിക്കേണ്ട തുക ഫിഷറീസ് സഹകരണ വകുപ്പ് ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധനയ്ക്കു ശേഷമേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകൾ, മറ്റ് സർക്കാർ ധനകാര്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള കടാശ്വാസത്തിനർഹരായവരുടെ ലിസ്റ്റ് കടാശ്വാസ കമ്മീഷൻ സെക്രട്ടറി സാക്ഷ്യപ്പെടുത്തി |

| | | | |
|---|---|---|---|
| | | | അയച്ചുതരുന്നതിന്റെ അടിസ്ഥാനത്തിലാണ് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുന്നത്. കടാശ്വാസ കമ്മീഷൻ തയ്യാറാക്കുന്ന ലിസ്റ്റുകളിലെ പട്ടികയിൽ കടാശ്വാസത്തിനർഹതയുള്ള മത്സ്യത്തൊഴിലാളികളുടെ ആകെ കുടിശ്ശിക തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ആഡിറ്റിന് ശേഷമാണ് മത്സ്യത്തൊഴിലാളികൾക്ക് അർഹതപ്പെട്ട തുക കണക്കാക്കുന്നത്. മത്സ്യഫെഡ്/സഹകരണ വകുപ്പുമായി ബന്ധപ്പെട്ട കടാശ്വാസത്തിന്റെ ജില്ലതിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.<br><br>ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകൾ, മറ്റ് സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അനുവദിക്കുന്ന തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.<br>**നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ് ബാങ്ക് - 11.86 കോടി രൂപ**<br><br>**മറ്റ് ധനകാര്യ സ്ഥാപനങ്ങൾ -2.24 കോടി രൂപ** |

സെക്ഷൻ ഓഫീസർ

## മത്സ്യഫെഡു വഴി വിതരണം ചെയ്ത തുകയുടെ ജില്ല തിരിച്ചുള്ള കണക്ക്

| ക്രമ നം. | ജില്ല | കടാശ്വാസ തുക (ലക്ഷത്തിൽ) | | | | | |
|---|---|---|---|---|---|---|---|
| | | എൻ.സി.ഡി.സി | എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി/സൊസൈറ്റിയുടെ ഫണ്ട് | | | | |
| | | ഡി. ആർ.എസ് I | ഡി.ആർ. എസ് II | ഡി.ആർ. എസ് III | ഡി.ആർ. എസ് IV | ഡി.ആർ. എസ് VI | ആകെ |
| 1 | തിരുവനന്തപുരം | 1840.52 | 348.36 | 343.85 | 6.39 | 0.91 | 2540.03 |
| 2 | കൊല്ലം | 1932.64 | 101.85 | 147.44 | 8.53 | 19.14 | 2209.6 |
| 3 | ആലപ്പുഴ | 2349.8 | 180.99 | 167.54 | 8.51 | 51.17 | 2758.01 |
| 4 | കോട്ടയം | 196.17 | 15.18 | 52.53 | 0.32 | 0 | 264.2 |
| 5 | എറണാകുളം | 1562.54 | 74.35 | 129.16 | 0.07 | 7.31 | 1773.43 |
| 6 | തൃശൂർ | 1007.53 | 174.71 | 128.2 | 3.53 | 4.21 | 1318.18 |
| 7 | മലപ്പുറം | 864.8 | 28.24 | 124.93 | 2.18 | 2.05 | 1022.2 |
| 8 | കോഴിക്കോട് | 832.69 | 102.71 | 160.15 | 1.38 | 0.37 | 1097.3 |
| 9 | കണ്ണൂർ | 411.85 | 39.59 | 42.41 | 0.52 | 0.86 | 495.23 |
| 10 | കാസർഗോഡ് | 504.96 | 112.4 | 80.36 | 4.52 | 0 | 702.24 |
| | ആകെ | 11503.49 | 1178.37 | 1376.58 | 35.95 | 86.02 | 14180.42 |
| | ആകെ (കോടി) | 115.03 | 11.78 | 13.77 | 0.36 | 0.86 | 141.80 |

## സഹകരണ വകുപ്പിന് നൽകിയ തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | അനുവദിച്ച് നൽകിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 998.33 |
| 2 | കൊല്ലം | 2243.53 |
| 3 | പത്തനംത്തിട്ട | 10.62 |
| 4 | ആലപ്പുഴ | 1734.00 |
| 5 | കോട്ടയം | 396.39 |
| 6 | ഇടുക്കി | 0.57 |
| 7 | എറണാകുളം | 3812.82 |
| 8 | തൃശ്ശൂർ | 894.88 |
| 9 | പാലക്കാട് | 16.22 |
| 10 | മലപ്പുറം | 759.62 |
| 11 | കോഴിക്കോട് | 941.39 |
| 12 | വയനാട് | 0 |
| 13 | കണ്ണൂർ | 621.52 |
| 14 | കാസർഗോഡ് | 364.93 |
| | ആകെ | 12794.82 |

സെക്ഷൻ ഓഫീസർ